**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 682** **10-02-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിലുള്ള നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ നാളിതുവരെ നടപ്പിലാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ നവീകരണ പ്രവർത്തനങ്ങളുടെയും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക് സെക്ഷനുകൾക്ക് കീഴിൽ 6 പോൾ മൗണ്ടഡ് വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളും സൗര ഫെയ്സ്-1 പദ്ധതിയിൽ ഉൾപ്പെടുത്തി 16kW സ്ഥാപിത ശേഷിയിൽ 5 സോളാർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്<br><br>വിതരണ വിഭാഗത്തിന് കീഴിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷനുകളിലായി നാളിതുവരെ ദ്യുതി പദ്ധതിയിൽ ഹൈ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, ലോ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ സ്ഥാപിതശേഷി ഉയർത്തൽ, ട്രാൻസ്ഫോർമറുകളുടെ സ്ഥാപിതശേഷി ഉയർത്തൽ, പഴകിയ കണ്ടക്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, ലൈനുകൾക്കിടയിൽ സ്പേസറുകൾ ഇടുന്ന പ്രവൃത്തി, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ നവീകരണ പ്രവർത്തികൾ, വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ എന്നിവയിലായി ആകെ 102 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിലേക്കായി 1595.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ദ്യുതി 2.0 പദ്ധതിയിൽ 124 പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട് അതിലേക്കായി 3562.55 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര ആവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്.-ൽ 489.28 ലക്ഷം രൂപയുടെ 6 പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയും 777.66 ലക്ഷം രൂപ മുതൽ മുടക്കുള്ള 14 പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**Annexure**

## ദ്യുതി

| പൂർത്തീകരിച്ചത് | | പൂർത്തീകരിക്കാനുള്ളത് | |
|---|---|---|---|
| വർക്കുകൾ | തുക (ലക്ഷത്തിൽ) | വർക്കുകൾ | തുക (ലക്ഷത്തിൽ) |
| 102 | 1595.80 | 124 | 3562.55 |

**പൂർത്തീകരിച്ച വർക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| Work | Length (in Km)/Nos | Amount (in Lakhs) |
|---|---|---|
| HT-ABC | 5.35 Km | 109.77 |
| LT-ABC | 5.9 Km | 51.52 |
| HT-OH | 0.35 Km | 10.8 |
| LT-OH | 3.475 Km | 48.38 |
| Transformer Construction | 8 Nos | 33.14 |
| Conversion-Single to Three Phase | 10.71 Km | 45.02 |
| Conversion-HT OH to ABC | 1.3 Km | 18.1 |
| Conversion-OH to Covered conductor | 6Km | 2.06 |
| Enhancement of Transformer | 1 No | 5.89 |
| Reconductoring | 53.44 Km | 404.88 |
| Others (Installation of spacers, Dismantling lines, Faulty meter changing, muffing of poles, providing transformer fencing and Other Miscellaneous works ) | - | 866.24 |
| **Total** | | **1595.8** |

# RDSS

| പുരോഗമിച്ചുകൊണ്ടിരിക്കുന്നത് (on-going) | | പൂർത്തീകരിക്കാനുള്ളത് (to be commenced) | |
|---|---|---|---|
| വർക്കുകൾ | തുക (ലക്ഷത്തിൽ) | വർക്കുകൾ | തുക (ലക്ഷത്തിൽ) |
| 6 | 489.28 | 14 | 777.66 |